# ക്നാനായ കത്തോലിക്കാ
# മഹാ ജന സഭ.

ഏഴാം വാർഷിക സമ്മേളനം.

സെൻറ് ജോർജ്ജ് നഗർ, തിരുഹൃദയക്കുന്ന്,

കോട്ടയം.

# സ്വാഗത പ്രസംഗം.

റവ. ഫാദർ ലൂക്കോസ് മണലേൽ.

(സ്വാഗതസംഘാദ്ധ്യക്ഷൻ)

1945 ഏപ്രിൽ 24.

ബഹുമാനപ്പെട്ട വൈദികരേ! മഹതികളേ! മഹാന്മാരേ!

ക്നാനായ കത്തോലിക് മഹാജനസഭയുടെ ഈ ദ്വിതീയ വാർഷികസമ്മേളനത്തിൽ സദസ്യരായി സന്നിഹിതരായിരിക്കുന്ന നിങ്ങളെ സ്വീകരണസംഘാദ്ധ്യക്ഷൻ എന്ന നിലയിൽ ഞാൻ ഹാർദ്ദവമായി സ്വാഗതം പറഞ്ഞുകൊള്ളുന്നു.

നമ്മുടെ ഈ മഹാജനസഭയുടെ പ്രഥമ വാർഷികസമ്മേളനം 1939 ഏപ്രിൽ 24, 25, 26 എന്നീ തീയതികളിൽ ഈ സ്ഥലത്തും ഈ സ്ഥാനത്തും വെച്ചു നടത്തപ്പെട്ടപ്പോൾ ഇടവകക്കാരായ ഞങ്ങളുടെ സ്വാഗതസംഘത്തിൽ നടത്തിയ അവസരത്തിൽ കാലതിപാതമൊന്നും ഒരു കൊല്ലത്തിനുള്ളിൽ വീണ്ടും ഇതുപോലൊരു സന്ദർഭം വന്നുചേരുമെന്നു ഞങ്ങൾ സ്വപ്നേപി വിചാരിച്ചിരുന്നില്ല. മഹാജനസഭയുടെ വാർഷികം ഇക്കൊല്ലം ഇവിടെ വച്ചു നടത്തണമെന്നു ഞങ്ങളോടുള്ള മമതാബന്ധം പ്രവർത്തകന്മാരുടെ തീരുമാനം മാത്രമല്ല, നമ്മുടെ കുടിയേറ്റത്തിന്റെ സന്ധ്യപൂർവ്വമായ പതിനാറാം ശതാബ്ദം കോട്ടയത്തുവെച്ചു ഈ വാർഷികത്തോടു കൂടി ആഘോഷിക്കുന്നതുമൂലം ഉണ്ടാകുന്ന ചരിത്രപ്രാധാന്യവും കൂടിയാണു ഞങ്ങളെ ഭാഗ്യമേറിയ ഈ കൃത്യത്തിനു പ്രേരിപ്പിച്ചത്.

നമ്മുടെ സമുദായത്തിന്റെ സുസ്ഥിരമായ നില.

മഹാജനസഭയുടെ പ്രഥമ വാർഷികസമ്മേളനം 1939-ൽ ഇവിടെവച്ചു നടന്നശേഷം ഒരു കൊല്ലത്തിനകമായി കടുത്തുരുത്തി, കല്ലിശ്ശേരി, കുമരകം ഇത്രയും സ്ഥലങ്ങളിൽവച്ചു മാത്രമേ വാർഷികം നടന്നിട്ടുള്ളൂ. ആ അവസരങ്ങളിലെല്ലാം നമ്മുടെ സമുദായത്തിന്റെ ചരിത്രത്തെപ്പറ്റി യാതൊരു പ്രസ്താവനകളും ചെയ്തിട്ടുള്ളതുകൊണ്ടും, മാത്രമല്ല, നമ്മുടെ സമുദായത്തിന്റെ വിസ്തൃതമായ ഒരു ചരിത്രപുസ്തകം തന്നെ അടുത്ത കാലത്തു പ്രസിദ്ധീകൃതമായിട്ടുള്ളതുകൊണ്ടും ഞാനിവിടെ സമുദായചരിത്രത്തെപ്പറ്റി പുനഃ ചർവ്വിതചർവ്വണം ചെയ്യണമെന്നു വിചാരിക്കുന്നില്ല.

നമ്മുടെ പൂർവ്വികന്മാർ സിറിയായിൽനിന്നു മലങ്കരയിൽ കുടിയേറിപ്പാർത്തിട്ട് ഇപ്പോൾ 1600 വർഷമായിട്ടുണ്ടല്ലോ. ഈ പതിനാറു ശതവർഷക്കാലമായി നാം ഇതര സമുദായങ്ങളുമായി വിവാഹബന്ധമില്ലാതെ ഒരു പ്രത്യേകസമുദായമായി നിലനില്ക്കുന്നതിനെപ്പറ്റി അതിശയിക്കുന്നവർ ഇന്നാട്ടിലേറെയില്ല. നമ്മൾ കുടിയേറിപ്പാർത്ത ... എട്ടു പത്തു വർഷം മുമ്പു ശീമയിൽ പോലും യാതൊരു ... ങ്ങളായി മുമ്പു മലയാളത്തു് ആഗതനായി മെല്ലൂർ മണ്ണത്തിക്കൽ ...

ള്ളിയിൽവച്ചു കാലം ചെയ്ത മാർ ഏലിയാസ് പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ടു സ്ഥലം വലിയപള്ളിയിൽ വന്നു താമസിച്ചിരുന്ന കാലത്തു് അദ്ദേഹവും തന്നോടുകൂടി വന്നിരുന്ന ഉറഹായുടെ മാർ ക്ലീമ്മീസ് മെത്രാപ്പോലീത്താ അവർകളും ഇവിടുത്തെ ക്നാനായക്കാരുടെ ഇതരസമുദായ വിവാഹബന്ധമില്ലാത്ത ദീർഘകാല നിലനില്പിനെപ്പററി വളരെ അത്ഭുതപ്പെടുകയുണ്ടായി. അവരുടെ സംസാരത്തിൽ, അവരും, മലങ്കരയിലേക്കു കുടിപുറപ്പെട്ടു പോന്നവരുടെ വംശത്തിൽ പെട്ടവരാണെന്നും, എങ്കിലും അവർ ഇതരവർഗ്ഗക്കാരുമായി വിവാഹബന്ധത്തിൽ മിശ്രമായിപ്പോയി എന്നും, മലങ്കരയിലെ ക്നാനായക്കാരുടെ മിശ്രവിവാഹം കൂടാതെയുള്ള നിലനില്പ് ആനന്ദപ്രദമാണെന്നും, ഇവിടുത്തെ ക്നാനായക്കാർ മേലിലും ഇതുപോലെ തന്നെ ഉറച്ചുനില്ക്കണമെന്നും മറ്റും വ്യക്തമാക്കുകയുണ്ടായി. ക്ലീമ്മീസ് മെത്രാപ്പോലീത്താ ഉറഹാ പള്ളി ഇടവകക്കാരനായിരുന്നത്രെ. ക്രിസ്ത്വബ്ദം 345-ൽ മലങ്കരയിലേക്കു കുടിപുറപ്പെട്ടുപോന്ന നമ്മെപ്പററിയും നാം പോരുവാനുണ്ടായ കാരണങ്ങളെപ്പററിയും വിവരിക്കുന്ന ചരിത്രം ഉറഹാ പള്ളിയിലെ നാല്പപ്പട്ടിയിൽ ഇരിപ്പുണ്ടെന്നും അതു മെത്രാപ്പോലീത്താ വായിച്ചിട്ടുണ്ടെന്നും, ആ പള്ളിയിലെ [illegible] വ്യാപാരസംബന്ധമായി അമേരിക്കയിലേക്കു പോയിരിക്കയാൽ അവർ വന്ന ശേഷം, തന്റെ പ്രത്യാഗമനാനന്തരം ആ ചരിത്രത്തിന്റെ ഒരു പകർപ്പ് എഴുതിഅയച്ചുതരാമെന്നും അദ്ദേഹം ഇവിടെയുള്ളവരോടു പറഞ്ഞിരുന്നതായി കേട്ടിട്ടുണ്ട്. വളരെ വൃദ്ധനായിരുന്ന ആ മെത്രാപ്പോലീത്താ മരിച്ചുപോയതുകൊണ്ടോ എന്തോ പിന്നീട് അതേപ്പററി ഒരു വിവരവും ഇവിടെ ആർക്കും ലഭിച്ചതായി അറിവില്ല. ഏതായാലും ഇങ്ങനെ നമ്മൾ കുടിപുറപ്പെട്ടുപോന്ന സ്ഥലങ്ങളിൽ ഉള്ളവർ പോലും വിവാഹത്തിൽ മിശ്രമായിത്തീർന്നിരിക്കുന്ന സ്ഥിതിക്ക് അന്യസമുദായവിവാഹബന്ധമില്ലാതെയുള്ള ഈ ദീർഘകാലമായ നമ്മുടെ നില എത്ര അത്ഭുതകരവും സ്തുത്യർഹവുമാണെന്നു പറയേണ്ടതില്ലല്ലോ. എന്തുകൊണ്ടാണു നമ്മൾ ഈ നില പാലിച്ചുപോരുന്നതു് എന്നുള്ള കാര്യം ചിന്തനീയമാണ്.

നമ്മുടെ നിർവ്വാസ്ഗമനസന്ദർഭത്തിൽ അവിടെ വസിച്ചിരുന്ന ഉറഹായികളുമായി ഒരു ഉടമ്പടി ചെയ്തിട്ടുണ്ട്. അതിങ്ങനെയാണ്:—

"കപ്പലേറുവാൻ കടപ്പുറം പുക്കാരെ
ഉററവരുടെയവർ ബന്ധുക്കളെല്ലാരും
തങ്ങളിൽത്തങ്ങളിലപ്പോളെ തഴുകുന്നു
മാർവ്വുമുളു കണ്ണുനീർ മാർവ്വും നനയുന്നു
തമ്പുരാനല്ലാതെ ഇല്ലൊരു സാക്ഷിയും
ഞങ്ങളെ കാണുമോ ഹിന്ദുവിൽ പോയാലും
ബന്ധങ്ങൾ വേർവിടാതാക്കണമെപ്പോഴും
പണ്ടുമൊരേഴമങ്ങളെപ്പോഴും ചിന്തിപ്പിൻ
പാട്ടുമറിയാതിരിക്കണം നിങ്ങളും."



ഓരേ, ബന്ധങ്ങൾ വേർപെടുകയെന്നും പാട്ടുമറിയാതിരിക്കണെന്നും അത്രെ, നിന്നവരും പോന്നവരും തമ്മിൽ ചെയ്ത ഉഭയസമ്മതം—അഥവാ ഉടമ്പടി. ഈ ഉടമ്പടിയെ—സത്യപ്രതിജ്ഞയെ നാം പാലിക്കേണ്ടതു് ആവശ്യമല്ലയോ? ഇതു് അക്ഷരംപ്രതി അനുവർത്തിച്ചാണ് പതിനാറു ശതവർഷമായി നാം പുരോഗമിച്ചുകൊണ്ടിരിക്കുന്നതു്. നമ്മുടെ ഈ ഉടമ്പടി പൂർവ്വികന്മാർ എത്ര കരുതലോടും സൂക്ഷ്മതയോടും കൂടിയാണു് പാലിച്ചുപോന്നിട്ടുള്ളതെന്നതിനു പറഞ്ഞു കേട്ടിട്ടുള്ള പഴകിയ ഒരു സംഭവകഥ ഞാൻ ഇവിടെ കുറിക്കാം.

60 വർഷങ്ങൾക്കു മുമ്പു കൂറീലോസ് ബാവാ എന്ന പേരിൽ അറിയപ്പെടുന്ന ഒരു [illegible] മെത്രാൻ ശീമയിൽ നിന്നു ഇവിടെ വന്നിരുന്നു. അദ്ദേഹത്തിന്റെ കൂടെ മൽക്കദീശാ ഗെവറീയേൽ എന്നു പേരായി ഒരു സഹായ സഹോദരനും ഉണ്ടായിരുന്നു. ഇവർ സ്ഥലം പഴയസെമിനാരിയിലാണ് താമസിച്ചിരുന്നതു്. ഇവിടുത്തെ ക്നാനായക്കാരുമായി അവർക്കുണ്ടായ ദീർഘനാളത്തെ സ്നേഹബന്ധം നിമിത്തം മൽക്കദീശായെക്കൊണ്ടു ക്നാനായ സമുദായത്തിൽ പെട്ട ഒരു സ്ത്രീയെ വിവാഹം കഴിപ്പിക്കണമെന്നു കൂറീലോസ് ബാവായ്ക്കു ആഗ്രഹം ജനിച്ചു. അതനുസരിച്ചു മാന്നാർ പുരയ്ക്കൽ കുടുംബത്തിലെ "നയ്‌ത്തോമ്മ" എന്നു പേരായ ഒരു യുവതിയെ അവർ വിവാഹാർത്ഥം കണ്ടു നിശ്ചയിക്കയും സ്ത്രീയുടെ അപ്പനുമായി ആലോചനനടത്തുകയും ചെയ്തു. എന്നാൽ ഇതു സംബന്ധിച്ചു പ്രതിശ്രുതയുടെ പിതാവ് അന്നത്തെ സമുദായപ്രമാണികളുമായി ആലോചിച്ചപ്പോൾ അവർ പ്രതിഷേധിക്കയാണു ചെയ്തതു്. കാരണം, ബാവായും മൽക്കദീശായുമെല്ലാം ശീമയിൽ നിന്നു വന്നവരും വെളുത്ത നിറമുള്ളവരും ആണെങ്കിലും അവർ ശീമയിലെ നമ്മുടെ ഗോത്രത്തിൽ—ഇല്ലത്തിൽ—പെട്ടവരാണോ എന്നു നിശ്ചയമില്ലാത്തതുകൊണ്ടാണ്. മാത്രമല്ല, അവർ തുറബ്ദീൻകാരും നമ്മൾ കല്ദായക്കാരുമാണ്. തുറബ്ദീനിൽ നിന്നു നമ്മുടെ കൂട്ടർ ആരും തന്നെ ഇറങ്ങിപ്പോന്നിട്ടുള്ളതായി ഒരു പാരമ്പര്യവും ഒരു ചരിത്രവുമില്ല തന്നെ. ആ സ്ഥിതിക്ക് ഈ വിവാഹം ഒരിക്കലും അനുവദനീയമല്ല എന്നു പറഞ്ഞു നിരസിക്കയാണുണ്ടായതു്. മൽക്കദീശാ പിന്നീട് തിരുവല്ലാ ചാലക്കുഴിയിൽ നിന്നാണു വിവാഹം കഴിച്ചതു്. നയ്‌ത്തോമ്മായെ "ഇടവഴിക്കൽ" മെത്രാച്ചന്റെ സഹോദരനും വിവാഹം ചെയ്തു. നോക്കുക! നമ്മുടെ പൂർവ്വന്മാർ നമ്മുടെ സമുദായത്തിന്റെ സുസ്ഥിരമായ നിലനില്പിൽ കാണിച്ചുപോന്ന സുസ്ഥിര വ്രതം. ഇതുപോലെ എല്ലാ സംഗതികളിലും വളരെ കരുതലോടും സൂക്ഷ്മതയോടും കൂടിയാണു് അവർ പ്രവർത്തിച്ചിരുന്നതെന്നു നമ്മുടെ പുരാണിക ചരിത്രം ആരായുന്ന പക്ഷം വ്യക്തമാകുന്നതാണ്.

## മിശ്രവിവാഹമോ?

നമ്മുടെ പൂർവ്വന്മാർ സിറിയായിൽ നിന്നു മലങ്കര കുടിയേറിയിട്ടു ഈ 1945-ൽ പതിനാറു ശതവർഷമായിരിക്കുന്നു. അതിനാൽ ഇ

ആണ്ടത്തെ സമ്മേളനത്തിനു "പതിനാറാം ശതവർഷ ജൂബിലി സ
ആണ്ടത്തെ സമ്മേളനത്തിനു "പതിനാറാം ശതവർഷ ജൂബിലി സ
മ്മേളനം" എന്ന പേർ കൂടി സമീചീനമാണ്. നമ്മുടെ സമുദായം
ന്നതര സമുദായങ്ങളെ അപേക്ഷിച്ച് അധഃപതിച്ചുകൊണ്ടിരിക്കു
എന്നും, ഇതിന്റെ നിവാരണം ഇതരസമുദായങ്ങളുമായുള്ള മിശ്രവി
വാഹം കൊണ്ട് മാത്രമേ സാധ്യമാകയുള്ളുവെന്നും, അന്യ സമുദായക്കാ
രുമായി വിവാഹബന്ധത്തിലുള്ള സംയോജിപ്പ് പല വിധ കാരണങ്ങ
ളാലും അഭിവൃദ്ധികരമാണെന്നും മറ്റും അഭിപ്രായം നമ്മുടെ യുവജ
നങ്ങളുടെ ഇടയിൽ കടന്നുകൂടിയിട്ടുള്ളതായി കാണുന്നുണ്ട്. ഇതു
കേവലം ഒരു തെറ്റിദ്ധാരണയാണെന്നേ എനിക്ക് പറയാനുള്ളു. ഇങ്ങ
നെ നാം മിശ്രവിവാഹത്തിൽ ഏർപ്പെട്ടുകഴിഞ്ഞാൽ "ക്നാനായ സമു
ദായം" എന്നൊരു സമുദായമോ; "ക്നാനായ മഹാജന സഭ"
എന്നൊരു സംഘടനയോ ഒന്നും നിലനില്ക്കുന്നതല്ലല്ലോ. നാം സുറി
യാനി രീതിയിൽ നില്ക്കുന്നിടത്തോളം കാലം "സുറിയാനി സഭ" "സുറി
യാനി സമുദായം" എന്ന ഏക സംഘടനയിൽ ലയിച്ചുപോകയാ
ണുണ്ടാകുന്നത്, അതിൽ നമുക്ക് ഉയർച്ചയുള്ള മാർഗ്ഗമെന്തു? അന്യ
രാണെങ്കിലും നമ്മെ സ്വർഗ്ഗം വരെ ഉയർത്തിക്കൊണ്ടുപോകുമോ? ഏറി
ടെയും വേല ചെയ്താൽ ജീവിക്കാം. ഉയരാൻ ശ്രമിച്ചാൽ ഉയരാം.
അതു തന്നെ!! എന്നാൽ ഈ പരിശ്രമം നമ്മുടെ സമുദായത്തിൽ
നിന്നുകൊണ്ട് എന്തുകൊണ്ട് ചെയ്തുകൂടാ, എന്നാണു ഞാൻ ചോദിക്കു
ന്നത്. നമ്മുടെ സമുദായത്തിൽ ഉയരാൻ ശ്രമിക്കുന്ന പലരും ഉയ
ർന്നുവരുന്നതു നാം കാണുന്നുണ്ടല്ലോ. നമുക്ക് അധഃപതനമാണെന്നു
പറയുന്നതിൽ, നമ്മുടെ സമുദായത്തെയല്ല, കാലോചിതമായി പ്രവ
ർത്തിക്കാത്ത സമുദായജനങ്ങളെയാണ് നാം കുറ്റപ്പെടുത്തേണ്ടി
യിരിക്കുന്നത്. അനവീകൃതമായ നമ്മുടെ ജീവിതരീതി മൂലമുണ്ടായിട്ടു
ള്ള ദാരിദ്ര്യം, പലരുടെയും സാമ്പത്തികനില അടുത്ത കാലത്തു അധഃപ
തിപ്പിച്ചിട്ടുണ്ടെന്നുള്ളതു ശരിയായിരിക്കാം. അതിനു സമുദായം എ
ന്തു പിഴച്ചു? നമ്മുടെ സമുദായം എല്ലാ കാലത്തും വിദ്യയിലും ധിഷണ
യിലും സ്ഥാനമാനാദികളിലും കായികപരിശീലനത്തിലും എന്നു
വേണ്ട സകല കാര്യങ്ങളിലും മികച്ചു നിലയിലാണു സ്ഥിതി ചെയ്തിരു
ന്നതെന്നു സമുദായത്തിന്റെ ആരംഭം മുതലുള്ള ചരിത്രശകലങ്ങൾ
പരിശോധിക്കുന്നവർക്ക് കരതലാമലകംപോലെ മനസ്സിലാകുന്നതാണ്.
നമ്മുടെ സമുദായത്തിൽ അടുത്ത കാലം വരെ കരം തീരുവയില്ലാത്ത
കുടുംബങ്ങളോ, ഭിക്ഷ യാചിക്കുന്ന വ്യക്തികളോ ഇല്ലായിരുന്നു.
ഇക്കാലത്ത് ഇതിനു വിപരീതമായി അപൂർവ്വം ചിലരെയെല്ലാം
അവിടവിടെ കാണുന്നുണ്ടാകാം. അവർ ഈ നിലയിൽ എത്താൻ കാരണ
മെന്തെന്ന് അവരെ വിളിച്ചു ചോദിക്കയും അന്വേഷണം നടത്തുക
യും ചെയ്താൽ, അവർ മുമ്പു നല്ല നിലയിൽ ഇരുന്നവരാണെന്നും അവ
രുടെയോ അവരുടെ പിതാവിന്റെയോ പിതാമഹന്റെയോ അവി
വേകമായ കുടുംബഭരണം കൊണ്ടോ ദുർമ്മാർഗ്ഗ ജീവിതം കൊണ്ടോ കു
ടുംബസ്വത്തു നശിച്ചു പോയതാണെന്നും മനസ്സിലാക്കാവുന്നതാണ്.
ആകയാൽ നാം നമ്മുടെ സമുദായത്തെ കുറ്റപ്പെടുത്തിക്കൊണ്ട് മിശ്ര



വിവാഹം മൂലം സമുദായം ഉയർച്ച പ്രാപിക്കുമെന്ന മിഥ്യാസങ്കല്പം കണ്ടുകൊണ്ടിരിക്കാതെ, ഓരോ വ്യക്തിയും നന്നായി ജീവിക്കാനും ഉയർച്ച പ്രാപിക്കുവാനും ശ്രമിക്കയാണു വേണ്ടത്.

## ഉയർച്ചയുടെ മാർഗ്ഗങ്ങൾ.

നമ്മുടെ സമുദായം അഭിവൃദ്ധിപ്പെടുന്നതിനു നാം ഒന്നാമതായി ചെയ്യേണ്ടത് നമ്മുടെയിടയിൽ കണ്ടുവരുന്ന ദുരാചാരങ്ങൾ ക്രിയയെ ദൂരീകരിക്കുക എന്നുള്ളതാണ്. ഈ ദുഷിച്ച നടപടിയാണ് നമ്മുടെ അനേകം കുടുംബങ്ങളെയും വ്യക്തികളെയും മാനസികമായും ശാരീരികമായും സാമ്പത്തികമായും അധഃപതിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഇതിൽ നിന്നു നാം വിമുക്തരാകുമ്പോൾ നിറം കാച്ചിയ സ്വർണ്ണം പോലെ എല്ലാ നിലയിലും നമ്മുടെ ഓരോ കുടുംബങ്ങളും പരിശോഭിച്ചു വരുമെന്നുള്ളതു നിസ്തർക്കമാണ്.

രണ്ടാമതായി—തങ്ങളുടെ കുട്ടികളെ നിവൃത്തിയുള്ളവരെല്ലാം ഇംഗ്ലീഷ് വിദ്യാഭ്യാസം ചെയ്യിക്കണം. ഭൃപാനാച്ചെലവു ഇല്ലാതെ വരുമ്പോൾ വിദ്യാഭ്യാസച്ചെലവിനു വേണ്ട പണം ഉണ്ടാകുന്നതാണല്ലോ. നമ്മുടെ മെത്രാനച്ചൻ തിരുമനസ്സുകൊണ്ട് സമുദായത്തിന്റെ പ്രധാന കേന്ദ്രങ്ങളിലെല്ലാം ഇംഗ്ലീഷ് പള്ളിക്കൂടങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. സമുദായത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പ്രധാന മാർഗ്ഗം ഇംഗ്ലീഷ് വിദ്യാഭ്യാസമാണെന്നു മനസ്സിലാക്കികൊണ്ടാണ് തിരുമേനി ഈ വകയ്ക്കു അവിടത്തെ ഭരണാരംഭം മുതൽ കൂടുതൽ സാധ്യമായിടത്തോളം പണം ചെലവു ചെയ്കയും ക്ലേശം സഹിക്കയും ചെയ്തുകൊണ്ടിരിക്കുന്നത്. ഇംഗ്ലീഷ് വിദ്യാഭ്യാസമുള്ളവർക്ക് എവിടെയും സ്ഥാനമുണ്ടെന്ന്, ഈ യുദ്ധകാല പരിതഃസ്ഥിതി മൂലമുള്ള അനുഭവം ഏവരെയും വിശേഷ വിധിയായി ബോദ്ധ്യപ്പെടുത്തിയിട്ടുണ്ടല്ലോ. യുദ്ധം കഴിഞ്ഞാലും ലോകത്തിൽ എവിടെയും കച്ചവട വ്യവസായങ്ങൾ കൂടുതൽ വർദ്ധിക്കുമെന്നുള്ളതുകൊണ്ട് ഇംഗ്ലീഷ് വിദ്യാഭ്യാസമുള്ളവർക്ക് ഏതു സ്ഥലത്തും ജോലി കിട്ടുവാൻ പ്രയാസമില്ലാതെ വരുന്നതും അങ്ങനെ നമ്മുടെ കുടുംബങ്ങളുടെ സാമ്പത്തിക നില ഉയരുവാൻ ഇടവരുന്നതുമത്രെ. കൂടാതെ ലോക സംസ്കാരത്തിനും ഇതു കൂടുതലായി സഹായിക്കുന്നതുമാണ്.

മൂന്നാമതായി—നമ്മുടെ സമുദായത്തെ ലൗകികമായും ആത്മികമായും ഉദ്ധരിക്കുന്നതിനും ഉല്ക്കർഷപ്പെടുത്തുന്നതിനും സഹായിക്കുന്ന ഇതര മാർഗ്ഗങ്ങളെപ്പറ്റിയാണ് നാം ആലോചിക്കേണ്ടത്. ബി. എ. മുതലായ ഉപരിപഠനത്തിനു പോകുന്നതിനോ, ഉന്നത വൈദിക വിദ്യാഭ്യാസത്തിനോ, ശാസ്ത്രീയ പഠനങ്ങൾക്കോ ആയി ദൂര ദേശങ്ങളിലേക്കു പോകുന്നതിനോ എല്ലാവരെക്കൊണ്ടും സാധിക്കുന്നതല്ല. പഠിപ്പിക്കാൻ ധനശക്തിയുള്ളവരുടെ ചില കുട്ടികൾ പഠിത്തമില്ലാത്തവരായും, പ്രത്യുത ധനശക്തിയില്ലാത്തവരുടെ കുട്ടികൾ പഠിപ്പിനു സാമർത്ഥ്യമുള്ളവരായും കാണുന്നുണ്ട്. രണ്ടാമത്തെ വിഭാഗത്തിൽപ്പെട്ട കുട്ടിക

[illegible] സമുദായികമായി [illegible] സ്വതന്ത്രമായിരിക്കും. [illegible] കുട്ടികളെ [illegible] പഠിപ്പിക്കാവുന്നതാണ്. [illegible] സമുദായം [illegible] കഴിഞ്ഞു [illegible] വിദ്യാ[illegible] ചെയ്തിരിക്കുന്നു. ഇങ്ങനെ [illegible] നമ്മുടെ ക്നാനായ ക[illegible] സമുദായത്തിൽ [illegible] ഇങ്ങനെ [illegible] ക്രിസ്തുമസ് ദിവസം [illegible] വീതം [illegible] 5,000 ചക്രം (175½ രൂപ 11 ച.) വീതം നമുക്കു ലഭിക്കുന്നു. ഇങ്ങനെ പത്തു [illegible] നമ്മുടെ യുവജന[illegible] വലിയ സംഖ്യ [illegible] സമുദായ[illegible] നമുക്ക [illegible] സമുദായവും [illegible] മിഷ്യൻ [illegible]ക്കുന്നതാണ്.

[illegible]

[illegible]



എന്നാണല്ലോ നമ്മുടെ "മാർഗ്ഗംകളി"പ്പാട്ടിൽ ഘോഷിക്കുന്നതും. അതായത് നേർവഴി തെറ്റി ജീവിക്കുന്നവരെ ശരിയായ പന്ഥാവിലേക്ക കൊണ്ടുവരാനാണ് നാം ഇവിടെ വന്നിരിക്കുന്നത് എന്നത്രേ പാട്ടുമൂലം മനസ്സിലാക്കേണ്ടത്. ആ സ്ഥിതിക്ക നാം അന്നത്തെപ്പോലെ ഇന്നും മിഷ്യനറിമാരും മിഷ്യൻപ്രവർത്തകരും ആയിരിക്കേണ്ടതാണെന്നു സിദ്ധിക്കുന്നു. പക്ഷേ നമ്മുടെ പൂർവികന്മാർ ചെയ്തതുപോലെയുള്ള മിഷ്യൻ പ്രവർത്തനം ഇന്നു നാം ചെയ്യുന്നുണ്ടോ എന്ന ചോദ്യം ചോദിച്ചു മറുപടി പറയേണ്ടിയിരിക്കുന്നു.

ക്രിസ്താബ്ദം 345-ൽ മലങ്കര കുടിയേറിയ നമ്മുടെ സമുദായം 1653 വരെ അതായത്, "കൂനൻകുരിശു സത്യം" വരെ ഏക വിശ്വാസത്തിൽ ഏക മേലദ്ധ്യക്ഷന്റെ കീഴിൽ ഏകയോഗക്ഷേമമായി നിലനിന്നുപോന്നു. അക്കാലത്തു വൈദികമേലദ്ധ്യക്ഷത സംബന്ധിച്ചു സുറിയാനി സമുദായം ഭാഗ്യവിപര്യയത്താൽ രണ്ടു കക്ഷികളായി തീരുകയും അക്കൂട്ടത്തിൽ നമ്മുടെ സമുദായവും രണ്ടായി പിളർക്കപ്പെടുകയും ചെയ്തു. ഈ പിളർപ്പു "പുത്തൻകൂർ" എന്നും "പഴയകൂർ" എന്നുമുള്ള പേരിൽ ഇന്നും നിലനിന്നു പോരുകയും ചെയ്യുന്നു. ഈ വിഭാഗങ്ങളെ യോജിപ്പിച്ചു നാം കുടിയേറിയ കാലത്തെപ്പോലെ ഏകയോഗമാക്കി തീർക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി സമുദായസ്നേഹിയായ നമ്മുടെ മെത്രാനച്ചൻ തിരുമനസ്സുകൊണ്ട്, ആ കാര്യത്തിൽ ഭഗീരഥപ്രയത്നം ചെയ്തുകൊണ്ടിരിക്കുന്നതെന്നും, അതിന്റെ ഫലം കുറെയെല്ലാം സിദ്ധിച്ചിട്ടുണ്ടെങ്കിലും പരിപൂർണ്ണ വിജയത്തിൽ എത്തിയിട്ടില്ലെന്നും ഈ മഹനീയോദ്ദേശ സാദ്ധ്യത്തിനായി തിരുമേനി ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കയാണെന്നും നമുക്കേവർക്കും അറിയാവുന്നതാണ്. തിരുമേനിയുടെ പരിശ്രമം സാഫല്യമടയിൽ എത്തിക്കട്ടെ. ഏതത്കാര്യസാദ്ധ്യാർത്ഥം നാം പ്രാർത്ഥനകൊണ്ടും പ്രവർത്തനം കൊണ്ടും കഴിവുപോലെ തിരുമേനിയെ സഹായിക്കേണ്ടതു നമ്മുടെ പ്രഥമവും പ്രധാനവുമായ കർത്തവ്യം തന്നെ. എന്നാൽ ഇതുകൊണ്ടു മാത്രം സ്വതേ മിഷ്യനറിമാരായ നമ്മുടെ ചുമതല പൂർത്തിയായി എന്നു വിചാരിച്ചുകൂടാ. നാം 1653—ൽ ഉണ്ടായ ഭിന്നതയെ സംയോജിപ്പിക്കാൻ വന്നവരല്ലല്ലോ. മലങ്കര മാർത്തോമ്മാ ക്രിസ്ത്യാനികളെ സഹായിക്കുന്നതിനും വേദപ്രചരണ [illegible] ഇന്ത്യയിൽ നിർവ്വഹിക്കുന്നതിനുമത്രെ നാം കേരളത്തിൽ അഥവാ ഇൻഡ്യയിൽ വന്നിട്ടുള്ളത്. ആ സ്ഥിതിയ്ക്കു നമ്മുടെ മിഷ്യനറി പ്രവർത്തനം ഭാരതത്തിൽ സാർവ്വത്രികമായിട്ടുള്ളതാണ്. ഇന്നു ഇൻഡ്യയിൽ 35—40 കോടി ജനങ്ങൾ സത്യദൈവത്തെ അറിയാതെ ഇരുളിൽ സ്ഥിതിചെയ്യുന്നുണ്ട്. അവരെ മാനസാന്തരപ്പെടുത്തുന്നതിനായി മിഷ്യനറിമാർ ഹിമാലയസേതുപര്യന്തം വേദപ്രചരണോത്സുകരായി നടത്തുന്നുണ്ടെങ്കിലും "വിളവ് അധികം കൊയ്ത്തുകാർ ചുരുക്കം" എന്നാണ് മിഷ്യൻരാജ്യങ്ങളിൽ നിന്നും മുറവിളി കൂട്ടിക്കൊണ്ടിരിക്കുന്നത്. ആ സ്ഥിതിയ്ക്ക് ഇൻഡ്യയിൽ ക്രിസ്ത്യാനികൾ അധികമുള്ള മല

ബാറിൽ നിന്നു ധാരാളം യുവജനങ്ങൾ ഇൻഡ്യയുടെ എല്ലാ ഭാഗങ്ങളിലേക്കും മിഷ്യൻ ജോലിക്കായി പോകേണ്ടിയിരിക്കുന്നു. കുറെ ഏറെ കാലമായി നമ്മുടെ നാട്ടിൽനിന്നു പല യുവാക്കന്മാരും യുവതികളും വൈദികന്മാരും മിഷ്യൻജോലിക്കായി വിദേശങ്ങളിലേക്കു പോയിട്ടുണ്ടെന്നും പൊയ്ക്കൊണ്ടിരിക്കുന്നതെന്നും ഉള്ള വസ്തുത ഞാൻ വിസ്മരിക്കുന്നില്ല. അക്കൂട്ടത്തിൽ നമ്മുടെ സമുദായത്തിൽ പെട്ട പലരും ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതുകൊണ്ടു മാത്രം അലംഭാവം അടഞ്ഞുകൂടാ. അന്ധകാരഗർത്തത്തിൽ വസിച്ചിരിക്കുന്ന ഇൻഡ്യയിലെ വിവിധജാതികളായ സഹോദരങ്ങളെ യേശുക്രിസ്തുവിന്റെ കൊടിക്കീഴിലാക്കിത്തീർക്കുന്നതിനു മിഷ്യനറിമാരായ നാം ധാരാളമായി പങ്കെടുക്കേണ്ടിയിരിക്കുന്നു. ഒരു കുടുംബത്തിൽനിന്നു യോഗ്യതയുള്ള ഒരാളെങ്കിലും വൈദികനായിട്ടോ, കന്യാസ്ത്രീയായിട്ടോ, ബ്രദർ ആയിട്ടോ മിഷ്യൻ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കണമെന്നാണ് എന്റെ വിനീതമായ പക്ഷം. പരിശുദ്ധ പിതാവിന്റെ നിർദ്ദേശപ്രകാരമുള്ള കത്തോലിക്കാ പ്രവർത്തനത്തിലെ ഏറ്റവും മികച്ച പ്രവർത്തനവും ഇതുതന്നെയാണ്. നമ്മുടെ രൂപതയിലെ ആവശ്യം കഴിഞ്ഞു മിഷ്യൻ പ്രവർത്തനത്തിനു പോകാൻ എത്ര പേർ സന്നദ്ധരായാലും അത്രയും പേരെയും, പ്രതിവർഷം മിഷ്യൻ രാജ്യങ്ങളിലേക്കു അയക്കുന്നതിനു നമ്മുടെ വന്ദ്യ പിതാവിനു വിസമ്മതമുണ്ടാകയില്ലെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഈ ജോലിമൂലം അനേകം ആത്മാക്കളെ ദൈവത്തിനായി വീണ്ടെടുക്കുന്നതോടൊപ്പം നമ്മുടെ ലോകവിശാലവീക്ഷണത്തെ പുഷ്ടിപ്പെടുത്തുന്നതിനു കൂടെയും ഉതകുന്നതാണെന്നു നാം എവരും സ്മരിക്കേണ്ടതാണ്. ആകയാൽ മിഷ്യൻപ്രവർത്തന കാര്യത്തിൽ മിഷ്യനറിമാരായ നാം പ്രത്യേക ശ്രദ്ധ പതിക്കേണ്ടതാണെന്നുള്ള കാര്യം എവരെയും അനുസ്മരിപ്പിച്ചുകൊള്ളട്ടെ.

## നമ്മുടെ കുടിയേറ്റ പ്രസ്ഥാനം.

ക്രിസ്ത്വബ്ദം 345–ൽ സിറിയായിൽ നിന്നു 72 കുടുംബക്കാരായ നാനൂറ് ആളുകൾ കൊടുങ്ങല്ലൂരിൽ കുടിയേറിപ്പാർത്തു. പിന്നീടു 50 വർഷത്തിനു ശേഷം അതായത് അഞ്ചാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ കൊടുങ്ങല്ലൂരിൽ നിന്ന് അതിൽ ഏതാനും കുടുംബക്കാർ ഉദയംപേരൂർ രാജ്യാധിപതിയുടെയും വടക്കുംകൂർ രാജ്യാധിപതിയുടെയും ആവശ്യപ്രകാരം കച്ചവടാഭിവൃദ്ധിയ്ക്കായി ഉദയംപേരൂരും കടുത്തുരുത്തിയിലും വന്നു താമസിക്കുകയുണ്ടായി. അക്കാലത്തു അവരുടെ ആവശ്യത്തിനായി ഈ രണ്ടു സ്ഥലത്തും ഓരോ പള്ളിയും സ്ഥാപിച്ചു. പിന്നീടു 9-ാം നൂറ്റാണ്ടിൽ കൊടുങ്ങല്ലൂർ വന്ന മഹമ്മദീയരും അവിടെ പുരാതനമായി താമസിച്ചുവന്ന യഹൂദന്മാരും തമ്മിൽ കച്ചവടസ്വാതന്ത്ര്യം സംബന്ധിച്ചു ഒരു വലിയ കലാപം ഉണ്ടായപ്പോൾ നമ്മുടെ പൂർവികരുടെ പട്ടണത്തിനും വലിയ നാശങ്ങൾ സംഭവിച്ചു. അപ്പോൾ അ



വിടെ നിന്നു ഒട്ടുവളരെ ക്നാനായ കുടുംബങ്ങൾ ജീവരക്ഷാർത്ഥം കുടിപുറപ്പെട്ടു തങ്ങളുടെ വംശജർ വന്നു താമസിച്ചിരുന്ന ഉദയംപേരൂരിലും കടുത്തുരുത്തിയിലും വന്നു താമസിക്കുകയുണ്ടായി. അനന്തരം 15-ാം നൂറ്റാണ്ടിൽ പറങ്കികൾ എന്നു പറയുന്ന പോർട്ടുഗീസുകാർ കൊടുങ്ങല്ലൂരിൽ വന്ന സമയം സാമൂതിരിയും പറങ്കികളുമായി ഒരു യുദ്ധം നടന്നു. ഈ യുദ്ധത്തിൽ പട്ടണം മുഴുവൻ അഗ്നിക്കിരയായതിനാൽ അവിടെ പാർത്തിരുന്ന ജനങ്ങൾ ഒന്നടങ്കം അയൽ ദേശങ്ങളിലേക്കു ഓടിപ്പോയ കൂട്ടത്തിൽ ശേഷിച്ചിരുന്ന ക്നാനായ ജനങ്ങളും തങ്ങളുടെ സർവസ്വവും ഉപേക്ഷിച്ചു സ്വജാതി വംശജർ താമസിച്ചുവരുന്ന ഉദയംപേരൂർ കടുത്തുരുത്തി എന്നീ സ്ഥലങ്ങളിലേക്കു കുടിപുറപ്പെട്ടു ഓടിപ്പോന്നു. ഈ സമയത്താണ് ഒരു ക്നാനായയുവതി എന്റെ അമ്മ എന്റെ മുട്ടാക്ക് (മൂടുപടം) എടുത്തില്ലല്ലോ എന്നു പറഞ്ഞപ്പോൾ, അമ്മ മകളോടു "പട്ടണം ചുട്ടു പകലിറങ്ങി ഇനിയെന്തിനാ മകളേ മുട്ടാക്ക്" എന്നു പറഞ്ഞതു്.

15-ാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ 150 കൊല്ലക്കാലത്തേക്കു ക്നാനായർ എല്ലാവരും ഉദയംപേരൂർ, കടുത്തുരുത്തി എന്നീ രണ്ടു സ്ഥലങ്ങളിൽ കൂട്ടമായി താമസിച്ചുവരുന്നതായിട്ടാണ് വിചാരിക്കപ്പെടുന്നത്. 1550–ൽ തെക്കുംകൂർ രാജാവിന്റെ ആവശ്യപ്രകാരം ഒട്ടുവളരെ കുടുംബങ്ങൾ ഈ രണ്ടു സ്ഥലങ്ങളിൽനിന്നുമായി കോട്ടയത്തേക്കു കുടിപുറപ്പെട്ടു. ഇവിടെ പള്ളിയും പട്ടണവും സ്ഥാപിച്ചു വാസമുറപ്പിച്ചു. പിന്നീട് 25 കൊല്ലത്തിനുശേഷം ചുങ്കത്തിലേക്കും [illegible] കല്ലുശ്ശേരിയിലേക്കും പിറവത്തേക്കും ഓരോ കൂട്ടർ കുടിയേറിപ്പാർത്തതായി ലക്ഷ്യമുണ്ട്. ഈ കുടിയേറ്റങ്ങളെല്ലാം തലപ്പള്ളികളിൽനിന്നു വളരെ അകന്ന ദേശങ്ങളിലേക്കായിരുന്നതിനാൽ അവിടെയെല്ലാം തങ്ങളുടെ ആത്മീയാവശ്യത്തിനായി കുടിയേറ്റത്തോടുകൂടി തന്നെ പള്ളികളും പണികഴിപ്പിക്കേണ്ടിവന്നു. പിന്നീടു തലപ്പള്ളികളിൽനിന്നു ദൂരദേശങ്ങളിൽ കുടിയേറിയതു റാന്നി, വാരപ്പെട്ടി മുതലായ സ്ഥലങ്ങളിലേക്കായിരുന്നു. ഇത്രയും ആയപ്പോഴേയ്ക്കും വടക്കൻ തിരുവിതാംകൂറിന്റെയും മദ്ധ്യതിരുവിതാംകൂറിന്റെയും എല്ലാ ഭാഗങ്ങളിലും നമ്മുടെ ജനങ്ങൾ വ്യാപിക്കയും ഈ എല്ലാ സ്ഥലങ്ങളിലും പള്ളികൾ ഉണ്ടാകുകയും ചെയ്തു. ഇതിനിടയ്ക്ക് മുട്ടം, പൂഞ്ഞാർ മുതലായ സ്ഥലങ്ങളിൽ നമ്മുടെ ഏതാനും കുടുംബങ്ങൾ കാർഷികമായി പോയി താമസിച്ചിരുന്നെങ്കിലും അവരുടെ ആത്മീയാവശ്യങ്ങൾക്കായി പള്ളികൾ സ്ഥാപിക്കാൻ ഇടയായില്ല. 40 വർഷങ്ങൾക്കു മുൻപ് തൊടുപുഴതാലൂക്കിൽ അഞ്ചിരിക്കൽ എന്ന ഫലഭൂയിഷ്ഠമായ സ്ഥലത്തു നമ്മുടെ കുറെ ജനങ്ങൾ കുടിയേറിയെങ്കിലും മലമ്പനിയുടെ ശല്യം നിമിത്തം പലരും മരിച്ചുപോകയാൽ ആ യാത്ര പരാജയത്തിൽ പരിണമിക്കുകയാണുണ്ടായതു്.

ഇത്രയും പ്രസ്താവിച്ചതിൽനിന്നും നമ്മുടെ ജനങ്ങൾ കുടിയേററക്കാര്യത്തിൽ എപ്പോഴും ഉൽസുകരായിരുന്നുവെന്നും, കുടിയേററമാണു നമ്മുടെ സമുദായത്തെ സാമ്പത്തികാധഃപ്പതനത്തിൽ നിന്നു സംരക്ഷിച്ചിട്ടുള്ളതെന്നും മനസ്സിലാക്കേണ്ടിയിരിക്കുന്നു. പതിനാറു ശതവർഷങ്ങൾക്കു മുമ്പു കേവലം നാനൂററു് ആത്മാക്കൾ ഉൾക്കൊണ്ടിരുന്ന നമ്മുടെ സമുദായം ഇന്നാകട്ടെ പുത്തൻ പഴയ കൂറുകളുടെ ഉദ്ദേശം എൺപതിനായിരം ആത്മാക്കളുള്ള ഒരു വലിയ സമുദായമായിത്തീർന്നിരിക്കുന്നു. ഇതിൽ അധികംപേരും ഇപ്പോഴും കർഷകവൃത്തികൊണ്ടാണ് ജീവിതം നയിച്ചുപോരുന്നത്. ജനങ്ങളുടെ ക്രമാതീതമായ വർദ്ധനവനുസരിച്ചു കൃഷിഭൂമി വർദ്ധിക്കാതിരിക്കയും ഉള്ളതിൽ തന്നെ വിളവു കുറഞ്ഞുകൊണ്ടിരിക്കയും ചെയ്യുന്ന ഇക്കാലമാണല്ലോ ഈ മഹാജനസഭ കുടിയേററക്കാര്യത്തിൽ ഇപ്പോൾ നമ്മുടെ ജനങ്ങളെ പ്രോത്സാഹിപ്പിക്കാനിടയായിട്ടുള്ളത്. മഹാജനസഭയിലെ നിശ്ചയവും പ്രവർത്തകന്മാരുടെ പ്രോത്സാഹജനകമായ പ്രയത്നവും മൂലം ബ്രിട്ടീഷ് മലബാറിൽ രണ്ടു കോളനികൾ സ്ഥാപിക്കയും മുന്നൂറോളം കുടുംബങ്ങൾ അവിടെ കുടിയേറിപ്പാർക്കുകയും ചെയ്തിട്ടുണ്ടല്ലോ. രണ്ടു മൂന്നുകൊല്ലമായി അവിടെ നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ വിജയകോടിയിൽ തന്നെ എത്തിച്ചേരുമെന്ന് എനിക്കു വിശ്വാസമുണ്ട്. ഈ കുടിയേററപ്രസ്ഥാനം നമ്മുടെ സമുദായത്തിന്റെ സാമ്പത്തികാഭിവൃദ്ധിക്കും വാസസൗകര്യത്തിനും സമുദായവികാസത്തിനും അത്യാവശ്യമാണെന്നു ഞാൻ മുൻ പ്രസ്താവിച്ച നമ്മുടെ കുടിയേററ പുരാതനചരിത്രംകൊണ്ടു മനസ്സിലാക്കാവുന്നതുമാണ്. പക്ഷേ ഫലഭൂയിഷ്ഠമായ ഭൂമി തിരഞ്ഞെടുക്കുന്നതിലും സാമ്പത്തികപുഷ്ടിയുള്ള കുടുംബങ്ങളിൽനിന്നു കുടിയേററത്തിനായി ആളുകളെ സ്വീകരിക്കുന്നതിലും ഭാരവാഹികൾ പ്രത്യേകം ദൃഷ്ടിയർപ്പിക്കേണ്ടവരായിരിക്കുമെന്നാണ് എനിക്കിവിടെ വിനയപൂർവം പറയാനുള്ളത്. ഇങ്ങനെ നമ്മുടെ കുടിയേററപ്രസ്ഥാനം, വടക്കേ മലബാറിൽ നിന്നും തെക്കേ മലബാറിലേക്ക് നീണ്ട് പൊന്നാനി വഴി കൊടുങ്ങല്ലൂരെക്കു വന്ന്, അവിടെനിന്ന് എറണാകുളം തൃപ്പൂണിത്തുറവഴി ഉദയംപേരൂർ എത്തി മുളന്തുരുത്തിൽ കൂടി കടുത്തുരുത്തിയുമായി അചിരേണ ബന്ധിക്കുന്നതിനു ഇടയാകട്ടെ എന്നുള്ള ആശംസ ഇവിടെ സന്തോഷപൂർവം പ്രകാശിപ്പിച്ചുകൊള്ളട്ടെ.

## പതിനാറാം ശതാബ്ദ ജൂബിലി സ്മാരകം.

ഈ 1945-ാം വർഷം നമ്മുടെ കുടിയേററത്തിന്റെ 16-ാം ശതവർഷജൂബിലി വൽസരവും ഈ മഹാസമ്മേളനം ജൂബിലിവൽസരസമ്മേളനവുമാണ്. പ്രസ്തുതസമ്മേളനത്തിൽ, ജൂബിലിസ്മാരകമായി ഒരു പൊതു സ്മാരകം ഏർപ്പെടുത്തുന്നതിനെപ്പററിയും നാം ആലോചിക്കേണ്ടതാണ്. കഴിഞ്ഞ മൂന്നുനാലുകാലത്ത് കടുത്തുരുത്തി വലിയപള്ളി ഇടവകക്കാരുടെ വകയായി തിരുഹൃദയത്തിന്റെ ഒരു പ്രതിമ ഈ ജൂബിലിസ്മാരകമായി അവിടെ പള്ളി അങ്കണത്തി



ൽ സ്ഥാപിച്ചിട്ടുണ്ട്. കോട്ടയം രൂപത വകയായി രൂപതയിലെ ചില ബ. അച്ചന്മാരുടെ ചെലവിൽ ജൂബിലിസ്മാരകമായി ഒരു അഗതിമന്ദിരം പണിയിക്കുന്നതിനു കൈപ്പുഴ പള്ളിവക സ്ഥലത്തു മെത്രാനച്ചൻ തിരുമനസ്സുകൊണ്ട് ശിലാസ്ഥാപനം ചെയ്തിട്ടുമുണ്ട്. ഇങ്ങനെ രണ്ടു സംഗതികൾ സ്മാരകം സംബന്ധിച്ചു നടന്നിട്ടുള്ളതല്ലാതെ പൊതുവായ മഹോത്സവപ്പാടുകൾ ഒരിടത്തും നടന്നതായി അറിവില്ല. ഈ ജൂബിലിയും സ്മാരകവും രണ്ടു സമുദായത്തിലും പെട്ട ക്നാനായക്കാരെ പൊതുവെ സംബന്ധിക്കുന്നതായതുകൊണ്ടു രണ്ടു കൂട്ടരും കൂടിയുള്ള ഒരു പൊതുസ്ഥാപനം ഉണ്ടാക്കുന്നത് നമ്മുടെ അന്യോന്യമൈത്രിക്കും ഐക്യത്തിനും കൂടുതൽ പ്രയോജനകരമായി തീരുമെന്നാണ് എന്റെ അഭിപ്രായം. ഇതിനു ഏററവും പററിയ ഒരു പ്രസ്ഥാനത്തെപ്പററി ഞാൻ താഴെ പ്രസ്താവിക്കാം. തെക്കുംഭാഗരും വടക്കുംഭാഗരും ഉൾപ്പെട്ട നമ്മുടെ ക്നാനായ സമുദായത്തിന്റെ മുഖ്യസ്ഥാനം കോട്ടയം ആണ്. ഇവിടം രണ്ടു കൂട്ടരുടെയും ആസ്ഥാനവുമാണ്. കോട്ടയത്തെ ഡിസ്ട്രിക്ട് ആശുപത്രി തിരുവനന്തപുരത്തെ ജനറലാശുപത്രി കഴിഞ്ഞാൽ മററു ആശുപത്രികളെ അപേക്ഷിച്ചു പലവിധത്തിലും ഉയർന്നുകൊണ്ടു തന്നെയാണിരിക്കുന്നത്. ഇവിടെ വിവിധ സ്ഥലങ്ങളിൽ നിന്നും നമ്മുടെ ജനങ്ങൾ ചികിൽസയ്ക്കു ധാരാളമായി വന്നുകൊണ്ടിരിക്കുന്നു. ആശുപത്രിയിലെ സ്ഥലക്കുറവു നിമിത്തം ചികിൽസയ്ക്കായി വരുന്നവരുടെ സ്ഥിതി അനുസരിച്ചുള്ള താമസത്തിനു അസൗകര്യം നേരിട്ടുകൊണ്ടിരിക്കുന്നു. ഇതിനെ പരിഹരിക്കുന്നതിനായി ആശുപത്രി പരിസരങ്ങളിൽ എവിടെയെങ്കിലും ഒരു സ്ഥലം വാങ്ങിച്ച് ഏതാനും പേർക്കു താമസിക്കത്തക്കവണ്ണം ഒരു കെട്ടിടം പണിയിക്കയും, അതിനു 'ക്നാൻ തോമാ ആതുരാലയം' എന്നു നാമകരണം ചെയ്യുകയും ചെയ്താൽ നമ്മുടെ പൊതുവായ ജൂബിലിസ്മാരകമായി അതു പരിലസിക്കുന്നതായിരിക്കും.

## ഉപസംഹാരം.

ഞാൻ ഇത്രയും പ്രസ്താവിച്ചതിൽനിന്നും, മിശ്രവിവാഹം കൂടാതെ നമ്മുടെ സമുദായത്തിന്റെ ഇതുവരെയുള്ള സുസ്ഥിരമായ നിലനില്പിന്റെ മാഹാത്മ്യത്തെപ്പററിയും, അന്യസമുദായ വിവാഹബന്ധമില്ലാതെതന്നെ നമ്മുടെ സമുദായം ഉൽക്കർഷം പ്രാപിക്കേണ്ട വിധത്തെപ്പററിയും, മിഷ്യൻപ്രവർത്തനത്തിനായി മലയാളത്തു കുടിയേറിയ നമ്മൾ ആ സംഗതിയിൽ എത്രമാത്രം ഉൽസുകരും ത്യാഗസന്നദ്ധരും ആയിരിക്കേണ്ടതിന്റെ ന്യായത്തെ സംബന്ധിച്ചും, നവീനമായ കുടിയേററക്കാര്യത്തിൽ അതിന്റെ പരിപൂർണ്ണവിജയത്തിനായി നാം അനുവർത്തിച്ചു പ്രവർത്തിക്കേണ്ട മാർഗ്ഗങ്ങളെപ്പററിയും, നമ്മുടെ കുടിയേററത്തിന്റെ പതിനാറാം ശതാബ്ദപൂർത്തിസ്മാരകമായി സമുദായ

ത്തെ പൊതുവെ സംബന്ധിക്കുന്നതും ഉപകാരപ്രദവുമായ ഒരു സ്ഥാപനം ഉണ്ടാക്കേണ്ടതിന്റെ ആവശ്യകതയെപ്പററിയും ഇപ്പോൾ ഏവരും മനസ്സിലാക്കിക്കഴിഞ്ഞിരിക്കുമെന്നു വിശ്വസിക്കുന്നു. പ്രസ്താവിതകാര്യങ്ങളിൽ ഈ മഹാജനസഭയുടെ വിലയേറിയ ശ്രദ്ധ പതിഞ്ഞു കാണ്മാൻ ഞാൻ ആഗ്രഹിക്കുന്നു. ക്ഷമാപൂർവം എന്നെ ശ്രവിച്ചതിനു കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ടും ഈ മഹാസദസ്സിനു ഒരിക്കൽ കൂടി സ്വാഗതം ആശംസിച്ചുകൊണ്ടും ഞാൻ എന്റെ കൃത്യത്തിൽനിന്നും വിരമിച്ചുകൊള്ളുന്നു.



കത്തോലിക്കാ മിഷ്യൻ പ്രസ്സ്, കോട്ടയം.